റോഡ് ഗവേഷണ കേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾ

*590 [640] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ പണിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റോഡു ഗവേഷണ കേന്ദ്രത്തിൽനിന്നും എന്തെല്ലാം നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്; അവ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. എം. അബൂബക്കർ):

(എ) റോഡ് ഗവേഷണകേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്† പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള ഏവിയേഷൻ ട്രെയിനിംഗ് സെൻറർ

*591 [641] ശ്രീ. സി. എ. കുര്യൻ:

,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏവിയേഷൻ ട്രെയിനിംഗ് സെൻറർ ഗവൺമെൻറ് ഏറെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കേരള ഏവിയേഷൻ ട്രെയിനിംഗ് സെൻറർ ജില്ലാ കളക്ടറുടെ കീഴിൽ ആക്കുമെന്ന് ഒരു വർഷംമുമ്പ് എടുത്ത തീരുമാനം നടപ്പാക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) കേരള ഏവിയേഷൻ ട്രെയിനിംഗ് സെൻറർ ഗവൺമെൻറ് ഏറെടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) അത്തരത്തിൽ ഒരു തീരുമാനം എടുത്തിരുന്നില്ല.

വികലാംഗരുടെ ആവശ്യങ്ങൾ

*592 [642] ശ്രീ. പി. കെ. വാസുദേവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ ചില ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ ആവശ്യങ്ങൾ പരിഗണിക്കുമോ;

(ബി) വികലാംഗർക്ക് മറ്റ് സംസ്ഥാന ഗവൺമെൻറുകൾ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തും അനുവദിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിലെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly